## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2117 18.06.2013-ൽ മറുപടിക്ക്

ചോദ്യം | ഉത്തരം

ശ്രീ. ജെയിംസ് മാത്യു

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പുമന്ത്രി

### ബഡ്ജറ്റ് നിർദ്ദേശങ്ങൾ

| | | |
|---|---|---|
| (എ) | ഈ സർക്കാർ അവതരിപ്പിച്ച ആദ്യ രണ്ട് ബഡ്ജറ്റ് പ്രസംഗങ്ങളിലെ എല്ലാ നിർദ്ദേശവും പൂർണ്ണമായും നടപ്പിൽ വരുത്തിയിട്ടുണ്ടോ; | 2011-12, 2012-13 ബഡ്ജറ്റ് പ്രസംഗങ്ങളിൽ നിരവധി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. വിവിധ ഭരണവകുപ്പുകൾ മുഖേനയാണ് ഈ പദ്ധതികളുടെ നിർവ്വഹണം നടപ്പിലാക്കുന്നത്. ഭരണവകുപ്പുകളിൽ നിന്ന് ലഭ്യമായിക്കൊണ്ടിരിക്കുന്ന വിവരങ്ങൾ പ്രകാരം പ്രഖ്യാപിച്ച മിക്ക പദ്ധതികൾക്കും ഭരണാനുമതി നൽകുകയും അവയുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു വരികയുമാണ്. നിർവ്വഹണം ആരംഭിച്ച പദ്ധതികളിൽ പലതും സമയബന്ധിതമായി മാത്രമേ പൂർത്തീകരിക്കുവാൻ കഴിയുകയുള്ളു. എന്നാൽ ചില സാങ്കേതിക കാരണങ്ങൾ കൊണ്ട് ചുരുക്കം ചില പദ്ധതികൾ ഇനിയും ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ പദ്ധതികളും നടപ്പിലാക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. |
| (ബി) | ഏതെല്ലാം വകുപ്പുകളുമായി ബന്ധപ്പെട്ട, ഏതെല്ലാം ബഡ്ജറ്റ് നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ അവശേഷിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ; | ഭരണവകുപ്പുകളിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2011-12, 12-13 സാമ്പത്തിക വർഷങ്ങളിലെ നിർദ്ദേശങ്ങളിൽ ഇതേവരെ ഭരണാനുമതി പുറപ്പെടുവിക്കാത്തതോ നിർവ്വഹണം ആരംഭിക്കാൻ കഴിയാത്തതോ ആയ പ്രധാന പദ്ധതികൾ സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു. |

| | | |
|---|---|---|
| (സി) | ആദ്യ രണ്ട് ബഡ്ജറ്റുകളിൽ വകയിരുത്തപ്പെട്ട ഏതെല്ലാം പദ്ധതികൾക്ക് എത്ര വീതം തുകകളാണ് ചെലവഴിക്കപ്പെടാതിരുന്നതെന്ന് വകുപ്പടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ; | വിവിധ വകുപ്പുകളിൽ നിന്ന് ഇതേവരെ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആദ്യ രണ്ട് ബഡ്ജറ്റുകളിലെ പദ്ധതികൾക്ക് വകയിരുത്തപ്പെട്ട തുകകളിൽ ചെലവഴിക്കപ്പെടാതിരുന്ന വയെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. അനുബന്ധം - II |
| (ഡി) | ബഡ്ജറ്റിലെ മുൻഗണനാ പരിപാടികൾക്ക് വകയിരുത്തിയ തുകകളിൽ 2011-12 ലും 2012-13 ലും പൂർണ്ണമായും ചെലവ് വന്നിട്ടില്ലാത്തവ ഏതൊക്കെയായിരുന്നു; വിശദമാക്കാമോ? | വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമായ വിവരം അനുസരിച്ച് ബഡ്ജറ്റിലെ മുൻഗണനാ പരിപാടികളിൽ റൈസ് ബയോപാർക്ക്, കോക്കനട്ട് ബയോപാർക്ക്, ഗ്രീൻ ഹൗസ് പദ്ധതി, കുട്ടനാട്ടിൽ സമുദ്രനിരപ്പിന് താഴെയുള്ള കൃഷി സംബന്ധിച്ച അന്തർ ദേശീയ കാർഷിക ഗവേഷണ പരിശീലന കേന്ദ്രം, ആയുർവേദ സർവ്വകലാശാല, കേരള ഇന്നവേഷൻ മിഷൻ, സെൻറർ ഫോർ പബ്ളിക് പോളിസി റിസർച്ച്, ഇടുക്കി, വയനാട് വിമാനത്താവളങ്ങളുടെ സാധ്യതാ പഠനം, പുതിയ എയർസ്ട്രിപ്പുകൾക്ക് സ്ഥലമേറ്റെടുക്കൽ എന്നിവയ്ക്ക് ചെലവ് വന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### 2011-12, 2012-13 വർഷങ്ങളിലെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ നടപ്പിലാക്കാൻ അവശേഷിക്കുന്നവ

| |
|---|
| മലബാർ സിമൻറ്സുമായി സഹകരിച്ച് പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് – വ്യവസായ വകുപ്പ് |
| തൃശൂരിൽ പുതിയ മൊബിലിറ്റി ഹബ്ബ് , അന്തർ ദേശീയ അംഗീകാരമുള്ള ഏജൻസികളുടെ സഹായത്തോടുകൂടി പ്രധാന പട്ടണങ്ങളിൽ സമഗ്ര വികസന പദ്ധതി.- നഗരകാര്യ വകുപ്പ് |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും കെട്ടിടനിർമ്മാതാക്കളുടേയും സഹകരണത്തോടെ ഒരു പ്രത്യേക നഗര അഗ്നി സുരക്ഷാ പദ്ധതി, സൈബർ ഫോറൻസിക് ലാബ് , അതിസങ്കീർണ്ണവും വ്യാപ്തി ആവശ്യമുള്ളതുമായ കേസുകളിൽ അന്വേഷണം നടത്തുന്നതിന് പുതുതായി ഒരു സംസ്ഥാന അന്വേഷണ വിഭാഗം രൂപീകരിക്കൽ – ആഭ്യന്തര വകുപ്പ് |
| കോഴിക്കോട് അന്താരാഷ്ട്ര നിലവാരത്തിൽ സ്പോർട്സ് സ്റ്റേഡിയം, പുല്ലൂരാംപാറയിൽ ഒരു സ്പോർട്സ് അക്കാദമി, ഇടുക്കിയിലെ പൈനാവിൽ സ്റ്റേഡിയവും സൈക്കിൾ വെലോഡ്രോമും – കായിക യുവജന ക്ഷേമ വകുപ്പ് |
| ഇടുക്കി ജില്ലയിൽ ചിൽഡ്രൻസ് ഹോം ആരംഭിക്കൽ – സാമൂഹ്യ നീതി വകുപ്പ് |
| കോട്ടയം, വയനാട് എന്നിവിടങ്ങളിൽ വാണിജ്യ നികുതി കോംപ്ലക്സ്, വഴിക്കടവ് , മുത്തങ്ങ, ആര്യൻകാവ് എന്നിവിടങ്ങളിൽ സംയോജിത ചെക്ക്പോസ്റ്റ്, ചെക്ക് പോസ്റ്റ് നവീകരണം തുടങ്ങിയവ – നികുതി വകുപ്പ് |
| തീർത്ഥാടന ടൂറിസം സർക്യൂട്ട് പ്രോജക്ട്, കോട്ടയം ജില്ലയിലെ സമഗ്ര ടൂറിസം സർക്യൂട്ട് പ്രോജക്ട് , തണ്ണീർത്തടം പക്ഷി സങ്കേതമായി വികസിപ്പിക്കൽ, ഹരിപ്പാട് പിൽഗ്രിം ടൂറിസം പദ്ധതി, ടൂറിസം പ്രോമോഷൻ ബോർഡ് (പി.പി.പി. മോഡ്) – വിനോദ സഞ്ചാര വകുപ്പ് |
| നോർക്ക ബിസിനസ്സ് സെൻറർ പ്രോജക്ട് – പ്രവാസി കാര്യ വകുപ്പ് |
| ശതാബ്ദി ആഘോഷിക്കുന്ന ഗവ. സ്കൂളുകൾക്ക് പ്രത്യേക സഹായം, എല്ലാ സ്കൂളുകളുടെയും അന്തർദേശീയ നിലവാരത്തിലുള്ള ആധുനികവൽക്കരണം, ഓരോ സ്കൂളിലും ഓരോ സ്മാർട്ട് ക്ലാസ് മുറി – വിദ്യാഭ്യാസ വകുപ്പ് |
| സ്വയം പര്യാപ്ത ഗ്രാമങ്ങളിൽ ഒരു കോടി രൂപ വരെ ചെലവഴിക്കുന്നത് – ഗ്രാമ വികസന വകുപ്പ് |
| സാങ്കേതിക സർവ്വകലാശാല – ഉന്നത വിദ്യാഭ്യാസ വകുപ്പ് |
| കുട്ടനാട് കാർഷിക ഗവേഷണ കേന്ദ്രം, കാർഷിക സൂപ്പർ മാർക്കറ്റ് , നാളികേര ചങ്ങാതികൂട്ടം– കൃഷി വകുപ്പ് |
| എടപ്പാളിൽ ഡ്രൈവർ പരിശീലന കേന്ദ്രം – ഗതാഗത വകുപ്പ് |
| ആലപ്പുഴ കൊല്ലം ബൈപ്പാസ് നിർമ്മാണം – പൊതുമരാമത്ത് വകുപ്പ് |
| മുതലപ്പൊഴി, തലായ്, ചേറ്റുവ, ചെറുവത്തൂർ മത്സ്യബന്ധന തുറമുഖങ്ങളുടെ പണി പൂർത്തിയാക്കൽ, വല നിർമ്മാണ ഫാക്ടറി, കോൾഡ് ചെയിൻ, ഫിഷ് കിയോസ്കുകൾ– മത്സ്യബന്ധനവും തുറമുഖവും വകുപ്പ് |
| മാതൃക കയർഗ്രാമം പദ്ധതി , – കയർ വകുപ്പ് |
| വിവിധ ജില്ലകളിൽ പുതിയ ഹോമിയോ ആശുപത്രികൾ, ആറളത്ത് ഹോമിയോ ആശുപത്രി – ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് |
| കൈത്തറി ഗ്രാമം – കൈത്തറി വകുപ്പ് |
| ജനശ്രീ ബീമാ യോജന – തൊഴിൽ വകുപ്പ് |

## അനുബന്ധം - II

| 2011-12, 2012-13 വർഷങ്ങളിലെ ബഡ്ജറ്റ് നിർദ്ദേശങ്ങൾക്ക് വകയിരുത്തപ്പെട്ടവയിൽ ചെലവഴിക്കപ്പെടാത്ത തുക | | | |
|---|---|---|---|
| വകുപ്പ് | പദ്ധതി | ചെലവഴിക്കപ്പെടാത്ത തുക (ലക്ഷത്തിൽ) | |
| | | 2011-12 | 2012-13 |
| വനം വകുപ്പ് | വന്യമൃഗം മൂലമുള്ള കൃഷിനാശം ലഘൂകരിക്കുന്നതിന് നബാർഡിന്റെ സഹായത്തോടെ വയനാട് ജില്ലയിൽ സൗരോർജ്ജ കമ്പി വേലി സ്ഥാപിക്കുന്നതിനുള്ള പദ്ധതി. | - | 1200.00 |
| പൊതുമരാമത്ത് വകുപ്പ് | ആലപ്പുഴ, കൊല്ലം ബൈപ്പാസുകൾ | - | 1100.00 |
| തുറമുഖ വികസന വകുപ്പ് | മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം | 598.53 | 1238.17 |
| | തലായ് | 47.83 | 600.00 |
| | ചേറ്റുവ | 18.51 | 261.80 |
| | ചെറുവത്തൂർ | - | 22.00 |
| | താനൂർ | - | 0.01 |
| വിദ്യാഭ്യാസ വകുപ്പ് | ശതാബ്ദി അഘോഷിക്കുന്ന ഗവണ്മെന്റ് സ്കൂളുകൾക്കുള്ള പ്രത്യേക സഹായം. | - | 2.00 |
| റവന്യൂ വകുപ്പ് | പൈതൃകമന്ദിരങ്ങളുടെ സംരക്ഷണം | 50.00 | - |
| തദ്ദേശ സ്വയംഭരണ വകുപ്പ് | അന്തർദേശീയ അംഗീകാരമുള്ള ഏജൻസികളുടെ സഹായത്തോടുകൂടി പ്രധാന പട്ടണങ്ങളിൽ സമഗ്രവികസന പദ്ധതിക്കുവേണ്ടിയുള്ള ടൗണുകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പദ്ധതി. | - | 50.00 |
| ഉന്നത വിദ്യാഭ്യാസ വകുപ്പ് | സാങ്കേതിക സർവ്വകലാശാല | - | 150.00 |

സെക്ഷൻ ഓഫീസർ